## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5729** **27.10.2011-ൽ മറുപടിയ്ക്ക്**

# പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ സാമ്പത്തിക വളർച്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. വി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനം എത്ര ശതമാനം സാമ്പത്തിക വളർച്ചയാണ് ലക്ഷ്യമിടുന്നത് ; | (എ) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ 14.50 ശതമാനം വളർച്ചയാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഏതെല്ലാം മേഖലകൾക്കാണ് പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളത് ; | (ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) രേഖയ്ക്ക് അന്തിമ രൂപം നൽകിയിട്ടില്ല. ഉൽപാദനക്ഷമവും, മത്സരക്ഷമവും, സുസ്ഥിരവും, സർവ്വതല സ്പർശിയുമായ ഒരു സാമ്പത്തിക അടിത്തറ സൃഷ്ടിക്കുക എന്ന മൗലീക തന്ത്രമാണ് പന്ത്രണ്ടാം പദ്ധതി സമീപന രേഖയുടെ കാതൽ. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ജനവിഭാഗങ്ങളുമായുള്ള ചർച്ചയ്ക്കു ശേഷം സമീപന രേഖയ്ക്ക് അന്തിമ രൂപം നൽകുകയും ഏതെല്ലാം മേഖലകൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് തീരുമാനിക്കുകയും ചെയ്യും. |
| (സി) സംസ്ഥാന വിഹിതത്തോടൊപ്പം പൊതുസ്വകാര്യ പങ്കാളിത്തത്തോടെയും ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെയുമുള്ള പദ്ധതികൾ കൂടി വരുമ്പോൾ ഈ മേഖലകളിൽ കൂടുതൽ തുകകൾ അനുവദിക്കാൻ തയ്യാറാകുമോ : വിശദമാക്കുമോ ? | (സി) പന്ത്രണ്ടാം പദ്ധതിയുടെ (2012-17) വാർഷിക പദ്ധതിയുടെയും (2012-13) ആസൂത്രണ കമ്മീഷനുമായുള്ള ചർച്ച പൂർത്തീകരിച്ചാൽ മാത്രമേ ഇതു സംബന്ധിച്ച് വിശദ വിവരങ്ങൾ അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ